**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1864 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അംഗനവാടി പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. കെ. കെ. ജയചന്ദ്രൻ** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) മാതൃകാ അംഗനവാടി പദ്ധതി പ്രകാരം അംഗനവാടികൾ ഓരോ നിയോജകമണ്ഡലത്തിലും സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; | (എ) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മാതൃകാ അംഗൻവാടികളിൽ ആകെ 57 എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പിന്നീട് ലഭ്യമായ 8 അംഗൻവാടികൾക്കും കൂടി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) മാതൃകാ അംഗനവാടി സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെ; | (ബി)10 സെന്റ് സ്ഥലത്തിൽ പണിയാൻ ഉദ്ദേശിക്കുന്ന മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയിലറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനവും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സേവനങ്ങളും മാതൃകാ അംഗനവാടിയുടെ ലക്ഷ്യങ്ങൾ ആണ്. |
| (സി) കൗമാരക്കാരായ പെൺകുട്ടികൾക്കും മുതിർന്ന പൗരൻമാർക്കും പ്രയോജനപ്പെടുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തുമോ; | (സി)കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും, മുതിർന്ന സ്ത്രീകൾക്കും ആവശ്യമായ സേവനങ്ങൾ ഇപ്പോൾ തന്നെ മാതൃകാ അംഗൻവാടി പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. എന്നാൽ |

| | |
|---|---|
| | മുതിർന്ന പുരുഷൻമാരുടെ കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) ഇത്തരം അംഗനവാടികളിൽ ആഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുമോ? | (ഡി) സാദ്ധ്യത പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ